# പതിനാലാം കേരള നിയമസഭ

# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6491 21.11.2019 -ൽ മറുപടിക്ക്

## വിദ്യാലയങ്ങളിലെ മലയാള ഭാഷാ പഠനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സണ്ണി ജോസഫ് | പ്രൊഫ.സി.രവീന്ദ്രനാഥ്<br>( പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ | മലയാളം പഠിപ്പിക്കേണ്ടതില്ലാത്ത വിദ്യാലയങ്ങളിൽ ഒന്നാം തരം മുതൽ പത്താം ക്ലാസ്സ് വരെ മലയാള ഭാഷ പഠിപ്പിക്കണമെന്ന് 2017 ലെ മലയാള ഭാഷ പഠന ആക്ട് വിഭാവനം ചെയ്യുന്നുണ്ടോ; വ്യക്തമാക്കാമോ; | എ | ഉണ്ട്. 2017 ലെ മലയാള ഭാഷാ പഠന ആക്ടിന്റെ പ്രാരംഭ തീയതിയിൽ നിലവിലുള്ള പാഠ്യപദ്ധതി പ്രകാരം മലയാളഭാഷ പഠിപ്പിക്കാത്ത ഭാഷാ ന്യൂനപക്ഷ സ്കൂളുകൾ ഉൾപ്പെടെയുള്ള സ്കൂളുകളിൽ മലയാളം പഠിപ്പിക്കുന്നതിനായി SCERT പാഠപുസ്തകം തയ്യാറാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മലയാളം പഠിപ്പിക്കാത്ത കന്നട, തമിഴ് മീഡിയം സ്കൂളുകളിലെ കുട്ടികൾക്ക് മലയാള ഭാഷ പരിചയപ്പെടുത്തുന്നതിനുള്ള പാഠപുസ്തകങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. 1, 2, 3 ക്ലാസ്സുകളിലേക്കുള്ള പാഠപുസ്തകങ്ങളാണ് ഇതിനകം അച്ചടിച്ച് വിതരണം ചെയ്തിട്ടുള്ളത്. ഘട്ടംഘട്ടമായി മറ്റ് ക്ലാസ്സുകളിലേക്കുള്ള പാഠപുസ്തകങ്ങളും തയ്യാറാക്കി നൽകുന്നതാണ്. |
| ബി | ഇത്തരം സ്കൂളുകളിൽ മലയാള ഭാഷാ പഠനം നടപ്പിലാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്നറിയിക്കാമോ; | ബി | 2017 ലെ മലയാളഭാഷാ പഠന ആക്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും പത്താംതരം വരെ മലയാളം പഠിപ്പിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനായി 02.06.2018 ലെ സർക്കാർ |

| | | | |
|---|---|---|---|
| | | | ഉത്തരവ് (അച്ചടി) നമ്പർ 14/2018/പൊ.വി.വ പ്രകാരം മലയാള ഭാഷാ പഠനചട്ടങ്ങൾ നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം ഓരോ അക്കാദമിക വർഷവും സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും മലയാളം ഒരു ഭാഷ യായി പഠിപ്പിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായി പരിശോധനകൾ നടന്നു വരികയുമാണ്.. |
| **സി** | സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും മലയാള ഭാഷാ പഠനം നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ? | | ഉണ്ട്. സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഒന്നു മുതൽ പത്തുവരെ ക്ലാസ്സുകളിൽ ഒന്നാം ഭാഷയായും ഹയർസെക്കന്ററി തലത്തിൽ ഉപ ഭാഷയായും ഓപ്ഷണലായും മലയാളം പഠിപ്പിക്കുന്നതിന് അവസരമൊരുക്കിയിട്ടുണ്ട്. സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ അഫിലിയേഷനോടു കൂടി പ്രവർത്തിക്കുന്ന സ്കൂളുകളിൽ 1, 2 ക്ലാസ്സുകളിൽ മലയാളം പഠിപ്പിക്കുന്നതിന് പ്രത്യേകം പാഠപുസ്തകം എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയിട്ടുണ്ട്. മൂന്നു മുതലുള്ള ക്ലാസ്സുകളിൽ മലയാളത്തിനു മാത്രമായി പാഠപുസ്തകങ്ങൾ നിലവിലുള്ളതിനാൽ ആ പാഠപുസ്തകങ്ങൾ തന്നെ തുടരാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**